പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 331. | 19.9.2007 - ൽ മറുപടിക്ക്.

വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിൻെറ ഭാഗമായി സംസ്ഥാന വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയിൽ കെട്ടിക്കിടക്കുന്ന പഴക്കം ചെന്ന വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും പുതിയ കേസുകളുടേയും അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ |

| | |
|---|---|
| | സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ നവീകരണത്തിന്റെ ഭാഗമായി അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. |
| (ബി) എത്ര അഴിമതി കേസുകളാണ് ബ്യൂറോയുടെ പരിഗണനയിലുള്ളത്; | (ബി) 596 വിജിലൻസ് കേസുകളാണ് ഇപ്പോൾ പരിഗണനയിലുള്ളത്. |
| (സി) അഴിമതി കേസുകൾ നടത്തുന്നതിന് ഇന്നുള്ള സൗകര്യം പര്യാപ്തമാണോ; | (സി) പര്യാപ്തമാണ്. |
| (ഡി) കഴിഞ്ഞ ഒരു വർഷകാലയളവിൽ എത്ര അഴിമതി കേസുകൾ തെളിയിക്കുവാൻ ബ്യൂറോയ്ക്കു കഴിഞ്ഞിട്ടുണ്ട് ? | (ഡി) കഴിഞ്ഞ ഒരു വർഷ കാലയളവിൽ 101 അഴിമതിക്കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. |

| | |
|---|---|
| | ഇതിൽ 78 കേസുകളിൽ പ്രോസിക്യൂഷൻ നടപടികളും, 8 കേസുകളിൽ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറിയും, 13 കേസുകളിൽ വകുപ്പുതല നടപടികളും, 2 കേസുകളിൽ റിക്കവറിയും ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.332 | 19.09.2007-ൽ മറുപടിയ്ക്ക്

## ഒഡെപെക് വഴി വിദേശത്ത് തൊഴിൽ സാധ്യതകൾ കണ്ടെത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) ഒഡെപെക് വഴി വിദേശത്ത് തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | എ) സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയത്തിൻ കീഴിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം സൗദി അറേബ്യയിൽ പ്രശസ്തമായ ഒരു സിമന്റ് കമ്പനിയിലേക്ക് പുതുതായി 102 പേരെ വിവിധ തസ്തികകളിലേക്ക് തെരഞ്ഞെടുത്ത് അയയ്ക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ വർഷം മുതൽ മാലി ദ്വീപിലേക്ക് ഡോക്ടർമാരെയും നഴ്സുമാരെയും അയയ്ക്കുവാൻ കഴിഞ്ഞു. അത് തുടരുകയാണ്. ന്യൂ ഡൽഹിയിലെ വിവിധ രാജ്യങ്ങളുടെ എംബസികളിൽ ഒഡെപെക് ചെയർമാൻ പോയി ചർച്ച ചെയ്ത് തൊഴിലവസരങ്ങൾക്കായി അഭ്യർത്ഥന നടത്തിയിട്ടുണ്ട്. കേന്ദ്ര പ്രവാസി കാര്യ മന്ത്രിയോടും കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുവാൻ വേണ്ടി എംബസികൾക്ക് ഉപദേശം നല്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ ദിശയിലുള്ള ശ്രമം തുടരുന്നു. |
| ബി) പുതിയ ഏതെങ്കിലും മേഖലയിലേക്ക് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ വർദ്ധിച്ചതിൽ ഉദ്യോഗാർത്ഥികളെ വിദേശത്ത് അയയ്ക്കുമ്പോൾ ഒഡെപെക് വഴി വളരെ കുറച്ചുപേർ മാത്രമേ വിദേശത്ത് പോകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ കൂടുതൽ പേരെ വിദേശത്ത് അയയ്ക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ഒഡെപെക് വഴി കൂടുതൽ ഉദ്യോഗാർത്ഥികളെ വിദേശത്തേക്ക് അയയ്ക്കുന്നതിലേക്കായി വിദേശ മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു. ഇതിന്റെ ഫലമായി ഏറ്റവും വിശ്വസ്തമായ സ്ഥാപനം എന്ന പേര് സൗദി മന്ത്രാലയത്തിൽ നിന്നും നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഫലമായി 2007 മെയ് മാസത്തിൽ കൊച്ചിയിൽ വച്ച് മിനിസ്ട്രി ഓഫ് ഹെൽത്ത് സൗദി അറേബ്യ നടത്തിയ വിപുലമായ തെരഞ്ഞെടുപ്പും ഇന്റർവ്യൂവും നടത്തുന്നതിന്റെ ചുമതല ഒഡെപെക്കിനെയാണ് ഏല്പിച്ചത്. പുതിയ മേഖലയായ മാലിദ്വീപിലേക്കും ഈ സാമ്പത്തിക വർഷം 87 നഴ്സുമാരെ അയയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ അംബാസഡർമാരുമായി ബന്ധപ്പെട്ടു വരുന്നത് ഫലവത്താകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 333 — 19-09-2007- ൽ മറുപടിയ്ക്ക്

## വിദർഭാപാക്കേജ് അനുസരിച്ച് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വിദർഭാപാക്കേജ് അനുസരിച്ച് കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കാനർഹതയുള്ളത് ; | (എ) | വിദർഭാ പാക്കേജ് അനുസരിച്ച് വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകൾക്കായി 765.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കർഷകർക്ക് ഇതിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) കർഷകരുടെ വായ്പ സംബന്ധിച്ച് പലിശയിളവ്, പുനർവായ്പാക്രമീകരണം, വായ്പ എഴുതി തള്ളൽ എന്നിവ അതിൽപ്പെടുന്നുണ്ടോ ; | (ബി) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കാർഷിക പാക്കേജിൽ വായ്പ പുനക്രമീകരണവും പലിശ ഇളവും ഉൾപ്പെടുന്നുണ്ട്. വായ്പ എഴുതിത്തള്ളുന്നതിനായി തുകയൊന്നും കേന്ദ്ര പാക്കേജിൽ അനുവദിച്ചിട്ടില്ല. |
| സി) അതിൽ ഗോരക്ഷാ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (സി) | ഇല്ല. |
| ഡി) കർഷകർക്കുവേണ്ടി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം അതിൽ ഉൾപ്പെടുന്നുണ്ടോ ;<br>ഇ) ഈ പദ്ധതികൾക്കായി കേന്ദ്രം എത്ര തുക അനുവദിച്ചു ; | | (ഡി) യും (ഇ) യും (എഫ്) ഉം<br>വിദർഭാ പാക്കേജിലെ മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് രണ്ടു പശുക്കളുള്ള ഡയറി യൂണിറ്റ് സ്ഥാപിക്കുന്ന സംരംഭം. ഓരോ ജില്ലയിലും പ്രതിവർഷം 500 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഓരോ യൂണി |

എഫ്) മേൽ തുകകൊണ്ട് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും അതിന്റെ ഗുണഭോക്താക്കൾ എത്ര പേരാണെന്നും വെളിപ്പെടുത്തുമോ?

റിനും 30,000 രൂപയുടെ സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. ഇത് കർഷകർക്ക് ഉപ തൊഴിൽ ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിയ്ക്കായി കേന്ദ്രം 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നു ജില്ലകളിലുമായി 1596 പശുക്കളെ വാങ്ങുന്നതിനുള്ള സബ്സിഡി നൽകികഴിഞ്ഞു. 1068 പശുക്കളെ വാങ്ങി കർഷകർക്ക് ലഭ്യമാക്കി.

കൂടാതെ വിദർഭാ പാക്കേജിൽ മത്സ്യകൃഷി മേഖലയിലെ പദ്ധതികൾ വ്യാപകമായി നടപ്പിലാക്കുമ്പോൾ പുതിയ തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നു. 2006-07 വർഷത്തേയ്ക്ക് ടി പദ്ധതികൾക്കായി 103 ലക്ഷം രൂപ അനുവദിച്ചു. ടി പദ്ധതിയിൻകീഴിൽ കുളം നിർമ്മാണത്തിനും, നവീകരണത്തിനുമുള്ള സബ്സിഡി വിതരണവും, മത്സ്യവിത്ത് വിതരണവും, മത്സ്യ കർഷക പരിശീലനം എന്നിവ നടത്തി വരുന്നു. മൂന്നു ജില്ലകളിലുമായി ഇതുവരെ 1017 ഗുണഭോക്താക്കളെ പദ്ധതിയ്ക്കായി തെരെഞ്ഞെടുത്തിട്ടുണ്ട്.

**അനുബന്ധം**

1. പി.എം.എൻ.ആർ.എഫ്-1.50 കോടി രൂപ

ടി പദ്ധതി പ്രകാരം പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും ദുരിതം മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് ധനസഹായം നൽകുന്നു.

2. പലിശ ഇളവ് - 360 കോടി രൂപ

കർഷകർക്ക് പലിശ ഇളവിനായി 360 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 50 ശതമാനമായ 180 കോടി രൂപ സംസ്ഥാന വിഹിതമാണ്.

3. ജലസേചനം - 105.03 കോടി രൂപ

ടി പദ്ധതി പ്രകാരം വൻകിട ജലസേചനം മെച്ചപ്പെടുത്തുന്നതിനായി 35 കോടി രൂപയും ചെറുകിട ജലസേചനം മെച്ചപ്പെടുത്തുന്നതിനായി 70.03 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

4. സീഡ് റീപ്ലെയ്സ്മെന്റ് 1.92 കോടി രൂപ

ഈ പദ്ധതി പ്രകാരം വിത്ത് വകരം നൽകുന്നതിന് 1.92 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം കർഷകർക്ക് 32000 ഹെക്ടർ സ്ഥലത്തേയ്ക്ക് ആവശ്യമായ 2561 മെട്രിക് ടൺ നെൽവിത്ത് പകുതി വിലയ്ക്ക് നൽകുന്നു.

5) നീർതട വികസനം - 180 കോടി രൂപ

ടി പദ്ധതി പ്രകാരം നീർത്തടങ്ങളുടെ വികസനത്തിനായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. കണിക ജലസേചനം

19.53 കോടി രൂപ ഈ പദ്ധതിയനുസരിച്ച് 3282 ഹെക്ടർ സ്ഥലത്ത് ഡ്രിപ് ജലസേചനവും, 2100 ഹെക്ടർ സ്ഥലത്ത സ്പ്രിംഗ്ളർ ജലസേചനവും നടപ്പിലാക്കുന്നു.

7. ഹോർട്ടികൾച്ചർ വികസനം

46.33 കോടി രൂപ ടി പദ്ധതി പ്രകാരം ഹോർട്ടികൾച്ചർ വിളകളുടെ വികസനത്തിനായി 46.33 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നൽകുന്നത്.

8. എക്സ്റ്റൻഷൻ സർവ്വീസ് 1.50 കോടി രൂപ.

ഈ പദ്ധതിയിൻകീഴിൽ 1.50 കോടി രൂപ വകയിരുത്തിയുട്ടുണ്ട്. മൂന്നു വർഷ കാലയളവിൽ 3000 കർഷക കൗൺസിലിംഗുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

9. സബ്സിഡിയറി വരുമാനം- 49.43 കോടി രൂപ

ടി പദ്ധതിയിൻകീഴിൽ മൃഗസംരക്ഷണ മേഖല, മത്സ്യമേഖല എന്നിവയ്ക്കായി ആകെ 49.43 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 334 — 19.9.2007-ൽ മറുപടിക്ക്

## സമഗ്ര ഇൻഷ്വറൻസ് നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീമതി. കെ.കെ. ലതിക : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷക കുടുംബങ്ങൾക്ക് സമഗ്ര ഇൻഷ്വറൻസ് നടപ്പിലാക്കുമ്പോൾ നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് എന്തെങ്കിലും മാറ്റം വരുമോ ; | (എ) കർഷക കുടുംബങ്ങൾക്കുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ സജീവ ആലോചനയിലും പരിഗണന യിലുമാണ്. ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ പ്രയോജനം കർഷകർക്ക് ലഭി ക്കണമെന്നാണ് ലക്ഷ്യം വെച്ചിട്ടുള്ളത് |
| ബി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീക രിക്കുമോ ? | (ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമങ്ങൾ അനുസരിച്ചാണ് കേന്ദ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം കണ ക്കാക്കിവരുന്നത്. ഇതുമൂലം സ്വാഭാവി കമായി ചെറിയ കാലതാമസമുണ്ടാകു ന്നുവെന്ന് ബന്ധപ്പെട്ടവരുടെ ശ്രദ്ധ യിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം. 335

19.09.2007 ൽ മറുപടിയ്ക്ക്

## ബയോടെക്നോളജിയുടെ വളർച്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ബയോടെക്നോളജിയുടെ വളർച്ച കാർഷിക രംഗത്ത് ഉണ്ടാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | എ) വിവിധതരം കാർഷിക വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വമ്പിച്ച തോതിൽ ഉൽപ്പാദിപ്പിച്ച് അവ ന്യായമായ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുന്നുവെന്നതാണ് ബയോടെക്നോളജിയുടെ വളർച്ച കൊണ്ട് കാർഷിക രംഗത്തുണ്ടായ പ്രധാന നേട്ടം. |
| ബി) ബയോടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഉള്ള നടപടികൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ബി) ടിഷ്യുകൾച്ചർ ടെക്നോളജി വഴി മേൽത്തരം നടീൽ വസ്തുക്കൾ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ഒരു ബയോടെക്നോളജി സെന്റർ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ടിഷ്യുകൾച്ചർ സാങ്കേതിക വിദ്യ വഴി വാഴ, ഓർക്കിഡ്, ആന്തൂറിയം, കുരുമുളക്, വാനില എന്നിവയുടെ തൈകൾ ഉൽപ്പാദിപ്പിക്കുകയും കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. |

സി) ബയോടെക്നോളജിയുടെ സഹായത്തോടെ സീഡ് ബാങ്കും, മണ്ണില്ലാ കൃഷിയും നടപ്പിലാക്കുമോ;

സി) ബയോടെക്നോളജിയുടെ സഹായത്തോടെ വിത്തുകളും സസ്യഭാഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിന് സീഡ് ബാങ്ക് സ്ഥാപിക്കുവാൻ വിഭാവനം ചെയ്യുന്നുണ്ട്. കൃഷിഭവനുകൾ വഴി മണ്ണില്ലാ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഡി) സംസ്ഥാനത്ത് എത്ര ടിഷ്യുകൾച്ചർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഡി) കൃഷി വകുപ്പിന്റെ കീഴിൽ കഴക്കൂട്ടത്ത് ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അഞ്ചൽ ജില്ലാ കൃഷി ഫാമിൽ ഒരു ടിഷ്യുകൾച്ചർ ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി, വെള്ളാനിക്കര കോളേജുകൾ, പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, വെള്ളനാട് മിത്രനികേതൻ, പീച്ചിയിലെ സെൻട്രൽ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, കായംകുളം സി.പി.സി.ആർ.ഐ. എന്നിവിടങ്ങളിലും ടിഷ്യുകൾച്ചർ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സ്വകാര്യ മേഖലയിൽ നിരവധി ടിഷ്യുകൾച്ചർ ലാബുകളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 336          19-09-2007-ൽ മറുപടിക്ക്

## കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗിന് പ്രചരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. കെ. ബാബു<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തുന്നത് വ്യാപിച്ച പരസ്യവും പ്രചാരണവും നൽകിയശേഷമാണോ;<br><br>ബി) ഏതുവിധത്തിലുള്ള പരസ്യവും പ്രചാരണവുമാണ് നടത്തുന്നത്; | (എ) | (എ) യും (ബി) യും<br>കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തുന്ന പ്രദേശത്ത് പ്രചാരമുള്ള പ്രമുഖ പത്രങ്ങളിൽ സിറ്റിംഗിനെ സംബന്ധിച്ച് കമ്മീഷൻ പത്രക്കുറിപ്പ് കൊടുക്കാറുണ്ട്. പ്രദേശത്തെ ജനപ്രതിനിധികൾക്കും, പഞ്ചായത്ത് സെക്രട്ടറിമാർ, സഹകരണ ബാങ്കുകൾ, കാർഷിക വികസന ബാങ്കുകൾ, ബന്ധപ്പെട്ട കമ്മോഡിറ്റീസ് ബോർഡുകൾ, കാർഷിക വില നിർണ്ണയ ബോർഡ്, പ്ലാനിംഗ് ബോർഡ്, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കും, റവന്യൂ, കൃഷി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ സർക്കാർ വകുപ്പുകളിലെ തലവൻമാർക്കും ജില്ലാതല ഓഫീസർമാർക്കും സിറ്റിംഗിൽ ഹാജരായി തെളിവുകൾ നൽകാൻ അഭ്യർത്ഥിച്ചുകൊണ്ട് കമ്മീഷൻ നോട്ടീസുകൾ അയയ്ക്കാറുണ്ട്. പ്രദേശത്തെ വിവിധ കർഷക സംഘടനകൾക്കും സിറ്റിംഗിനെ സംബന്ധിച്ച അറിയിപ്പ് കമ്മീഷൻ നൽകാറുണ്ട്. ഇങ്ങനെ പത്രക്കുറിപ്പ് മുഖേനയും കത്തുകളിലൂടെയും ആണ് കമ്മീഷൻ സിറ്റിംഗിനെ സംബന്ധിച്ച പരസ്യവും പ്രചാരണവും നടത്തുന്നത് |
| സി) കമ്മീഷന്റെ മുമ്പിൽ എന്തെല്ലാം കാര്യങ്ങൾ അവതരിപ്പിക്കാമെന്ന് കർഷകർക്ക് മുൻകൂർ അറിവുകൊടു | (സി) | ഉണ്ട്. കമ്മീഷൻ പുറപ്പെടുവിക്കുന്ന പത്രക്കുറിപ്പിലും നോട്ടീസുകളിലും അന്വേഷണത്തിന്റെ സ്വഭാവം വെളിപ്പെടുത്താറുണ്ട്. ഒരു പ്രദേശത്തെ ദുരന്ത ബാധിത പ്രദേശമാ |

| | |
|---|---|
| ക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ? | യോ, ഏതെങ്കിലും വിളയേയോ, വിളകളേയോ ദുരന്തബാധിത വിളയായോ വിളകളായോ പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നതിനാണ് അന്വേഷണം നടത്തുന്നത്. ഇതു സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് കമ്മീഷൻ അറിയിപ്പ് കൊടുക്കുന്നത്. പത്രക്കുറിപ്പ് കണ്ട് ധാരാളം കർഷകർ കമ്മീഷന് മുൻപിൽ ഹാജരായി തെളിവുകൾ നല്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 337 19.9.2007 ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ. റോഷി അഗസ്റ്റിൻ : | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ദേശീയപാത വികസനം സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ടോ: ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം എന്താണ് : | (എ) കരാറിലേർപ്പെട്ടിട്ടില്ല. ബി.ഒ.ടി പദ്ധതികൾക്ക് പകരം കേന്ദ്ര ആന്യുറ്റി സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിലെ ദേശീയപാതകൾ വികസിപ്പിക്കണമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. |
| (ബി) ബി.ഒ.റ്റി വ്യവസ്ഥയിൽ ദേശീയ പാതകൾ നിർമ്മിയ്ക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിരുന്നോ: വിശദാംശങ്ങൾ നൽകുമോ ; | (ബി) എൻ.എച്ച്.ഡി.പിയിൽ ഉൾപ്പെടുത്തി ബി.ഒ.ടി അടിസ്ഥാനത്തിൽ എൻ.എച്ച് 47 നാലുവരി പാതയാക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടില്ല. |
| (സി) സമയബന്ധിതമായി സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരി ക്കുമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 338

19.09.2007 -ൽ മറുപടിയ്ക്ക്

## കർഷക അദാലത്തുകളും കർഷകസംഗമങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. കെ.ടി. ജലീൽ | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും പരിഹരിക്കുന്നതിനുമായി കർഷക അദാലത്തുകളും കർഷക സംഗമങ്ങളും നടത്താനുള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ കർഷക സംഗമങ്ങളും എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ എല്ലാ പഞ്ചായത്തുകളിലും കർഷക അദാലത്തുകളും നടത്തികഴിഞ്ഞു. മറ്റുള്ള ജില്ലകളിൽ ഇവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽ നിന്ന് പരാതികൾ സ്വീകരിച്ച് പഞ്ചായത്തുതല അദാലത്തുകളിൽ ചർച്ചചെയ്ത് പഞ്ചായത്തുതലത്തിൽ പരിഹരിക്കാവുന്നവ അവിടെ വച്ച് പരിഹരിക്കുകയും അല്ലാത്തവ ജില്ലയിലെ കർഷക സംഗമങ്ങളിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുന്നു. |
| ബി) കർഷകരുടെ വിഷമതകൾ പരിഹരിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) എങ്കിൽ എല്ലാ പഞ്ചായത്തുകളിലും അദാലത്തുകൾ സംഘടിപ്പിക്കുമോ; | സി) എല്ലാ പഞ്ചായത്തുകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) സർക്കാർ ഭാഗത്തുനിന്ന് അവലോകനത്തിൽ പങ്കെടുക്കുന്നത് ആരെല്ലാമാണെന്ന് അറിയിക്കുമോ? | ഡി) കൃഷി ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ആഫീസർമാർ, വകുപ്പുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികളും കർഷകസമിതിയിലെ അംഗങ്ങളും പ്രമുഖ കർഷകരുമാണ് പങ്കെടുക്കുന്നത്. ജില്ലാ കർഷക സംഗമങ്ങൾ കൃഷി മന്ത്രി പങ്കെടുത്തുകൊണ്ടാണ് ചേർന്നത്. മറ്റ് ജില്ലകളിലും ജില്ലാ കർഷക സംഗമങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 339 19/9/2007-ൽ മറുപടിക്ക്

## നിർമ്മാണത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. ബാബു പോൾ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മാണ തൊഴിലാളികൾക്ക് നൽകി വന്നിരുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; | (എ) ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള നിർമ്മാണതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന വിവാഹധനസഹായം, പ്രസവധനസഹായം, ചികിൽസാ ധന സഹായം, സ്ഥായിയായ അവശതയ്ക്കുള്ള ധനസഹായം, അപകടമരണ ധനസഹായം, മരണാനന്തരചെലവിനുള്ള ധനസഹായം, തുടങ്ങിയ ആനുകൂല്യങ്ങൾ സർക്കാരിന്റെ 17.8.2007 ലെ ജി.ഒ (പി) നം. 110/2007/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും നിബന്ധനകളും പുതുക്കിയ നിരക്കും നിബന്ധനകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങളുടെ നിലവിലുണ്ടായിരുന്ന നിരക്കും പുതുക്കിയ നിരക്കും ആനുകൂല്യം ലഭിക്കാനുള്ള നിബന്ധനകളും അനുബന്ധമായി ചേർത്തിരിക്കുന്നു. |

→

(സി) തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ആനുകൂല്യം | നിരക്ക് | | ആനുകൂല്യം ലഭിക്കാനുള്ള നിബന്ധനകൾ * |
|---|---|---|---|---|
| | | നിലവിലുണ്ടായിരുന്നത് ( രൂപ) | പുതുക്കിയത് (രൂപ) | |
| 1 | പ്രസവധനസഹായം | 2000/- | 3000/- | സ്ത്രീ തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം നൽകുന്നത്. ബോർഡിൽ കുറഞ്ഞത് ഒരു വർഷത്തെ അംഗത്വം വേണം. രണ്ട് തവണയിൽ കൂടുതൽ സഹായം അനുവദിക്കില്ല. ജനന സർട്ടിഫിക്കറ്റോ തുല്യമായ രേഖകളോ നിർദ്ദിഷ്ട ഫോറത്തിലെ അപേക്ഷയോടൊപ്പം ഹാജരാക്കണം. 90 ദിവസത്തിലധികം കാലതാമസമുണ്ടായാൽ മാപ്പപേക്ഷ നൽകണം. 270 ദിവസം കഴിഞ്ഞ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കില്ല. |
| 2 | മരണാനന്തര ചെലവിനുള്ള ധനസഹായം | 1000/- | 2000/- | അംഗത്വഫോറത്തിൽ നോമിനിയായി ചേർത്തിട്ടുള്ള ആളിനാണ് സഹായം അനുവദിക്കുന്നത്. മറ്റ് സാഹചര്യങ്ങളിൽ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാവും സഹായം നൽകുക. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റ് ഉണ്ടാവണം. മരണ ശേഷം 90 ദിവസത്തിനുള്ളിൽ അപേക്ഷ നൽകണം. വൈകിയാൽ കാലതാമസം മാപ്പാക്കാൻ കാര്യകാരണസഹിതം അപേക്ഷിക്കണം. ആറ് മാസത്തിനുമേൽ അംശദായ കുടിശ്ശികയുള്ള അംഗത്തിന് ഈ സഹായം ലഭിക്കില്ല. 270 ദിവസം കഴിഞ്ഞ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കില്ല. |

→

| ക്രമ നമ്പർ | ആനുകൂല്യം | നിരക്ക് | | ആനുകൂല്യം ലഭിക്കാനുള്ള നിബന്ധനകൾ * |
|---|---|---|---|---|
| | | നിലവിലുണ്ടായിരുന്നത് ( രൂപ) | പുതുക്കിയത് (രൂപ) | |
| 3 | അപകടമരണ ധനസഹായം | 1,00,.000/- | 2,00,000/- | അംഗതൊഴിലാളി തൊഴിൽ സ്ഥലത്തുവച്ചു തൊഴിലിലേർപ്പെട്ടിരിക്കുമ്പോൾ മരണപ്പെട്ടാലാണ് ഈ സഹായം നൽകുക. നോമിനിക്കോ ആശ്രിതർക്കോ ആണ് സഹായം അനുവദിക്കുക. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം എഫ് ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണസർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം. നോമിനി മൈനറാണെങ്കിൽ രക്ഷാകർത്താവാണ് അപേക്ഷ നൽകേണ്ടത്. 90 ദിവസം കഴിഞ്ഞ അപേക്ഷയോടൊപ്പം വൈകാനുള്ള കാര്യകാരണ സഹിതം മാപ്പപേക്ഷ നൽകണം. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് നടപടി സ്വീകരിക്കുക. 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല |

→

| ക്രമ നമ്പർ | ആനുകൂല്യം | നിരക്ക് | | ആനുകൂല്യം ലഭിക്കാനുള്ള നിബന്ധനകൾ * |
|---|---|---|---|---|
| | | നിലവിലുണ്ടായിരുന്നത് ( രൂപ ) | പുതുക്കിയത് (രൂപ) | |
| 4 | അപകടത്തെ തുടർന്ന് സ്ഥായിയായ അവശതയുള്ള ധനസഹായം | 50,000/- | 1,00,000/- | അംഗത്തൊഴിലാളി തൊഴിലിലേർപ്പെട്ടിരിക്കുമ്പോൾ സംഭവിക്കുന്ന അപകടത്തെത്തുടർന്ന് സ്ഥിരവും സ്ഥായിയുമായ അവശത സംഭവിച്ചാലാണ് ഈ സഹായത്തിന് അർഹതയുള്ളത് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡിന്റെ 100 ശതമാനം അവശത തെളിയിക്കുന്ന സാക്ഷ്യപത്രവും, എഫ്.ഐ.ആറിന്റെ പകർപ്പും ഹാജരാക്കണം. 90 ദിവസം കഴിഞ്ഞ അപേക്ഷയോടൊപ്പം വൈകാനുള്ള കാര്യകാരണങ്ങൾ സഹിതം മാപ്പപേക്ഷ സമർപ്പിക്കണം. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് നടപടി സ്വീകരിക്കുക. 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല. |
| 5 | സാധാരണ ചികിത്സാ ധനസഹായം (ആദ്യ അഞ്ചു ദിവസത്തെയ്ക്ക്)<br><br>തുടർന്നുള്ള ഓരോ ദിവസത്തേക്കും)<br><br>(പരമാവധി തുക | 300/-<br><br>50/-<br><br>5000/- | 400/-<br><br>70/-<br><br>5000/-) | കുറഞ്ഞത് ഒരു വർഷത്തെ അംഗത്വമുള്ളവർക്കെ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. കുറഞ്ഞത് 5 ദിവസമെങ്കിലും സർക്കാർ ആശുപത്രിയിൽ കിടന്ന് ചികിത്സ നടത്തിയിരിക്കണം. നിർദ്ദിഷ്ടഫോറത്തിലെ അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റും, ഡിസ്ചാർജ് കാർഡും ഹാജരാക്കണം. 90 ദിവസം കഴിഞ്ഞ അപേക്ഷയോടൊപ്പം വൈകാനുള്ള കാര്യകാരണങ്ങൾ സഹിതം മാപ്പപേക്ഷ സമർപ്പിക്കണം. 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല. |

→

| ക്രമ നമ്പർ | ആനുകൂല്യം | നിരക്ക് | | ആനുകൂല്യം ലഭിക്കാനുള്ള നിബന്ധനകൾ * |
|---|---|---|---|---|
| | | നിലവിലുണ്ടായിരുന്നത് ( രൂപ) | പുതുക്കിയത് (രൂപ) | |
| 6 | അപകട ചികിത്സ (ആദ്യത്തെ അഞ്ചു ദിവസത്തേക്ക്)<br><br>തുടർന്നുള്ള ഓരോ ദിവസത്തേക്കും)<br><br>(പരമാവധി തുക | 300/-<br><br>50/-<br><br>10,000/- | 500/-<br><br>70/-<br><br>20, 000/-) | സർക്കാർ ആശുപത്രിയിലോ ബോർഡ് അംഗീകരിച്ച സ്വകാര്യ ആശുപത്രിയിലോ 5 ദിവസത്തിനുമേൽ കിടന്ന് ചികിത്സിക്കുകയോ പ്ലാസ്റ്ററിട്ട് ഔട്ട് പേഷ്യൻറായി ചികിത്സിക്കുകയോ ചെയ്യുന്നവർക്ക് ഈ സഹായത്തിന് അർഹതയുണ്ട്. നിർദ്ദിഷ്ടഫോറത്തിലെ അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റും, ഡിസ്ചാർജ് കാർഡും ഹാജരാക്കണം. 90 ദിവസം കഴിഞ്ഞ അപേക്ഷയോടൊപ്പം വൈകാനുള്ള കാര്യകാരണങ്ങൾ സഹിതം മാപ്പപേക്ഷ സമർപ്പിക്കണം. പ്ലാസ്റ്ററിട്ട കേസുകളിൽ പ്ലാസ്റ്റർ മാറ്റി 90 ദിവസത്തിനകം അപേക്ഷിച്ചാൽ മതിയാകും.. 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല. |
| 7 | മാരക രോഗ ചികിത്സാ ധനസഹായം<br><br>(പരമാവധി തുക | 1000/-<br><br>1000/- | 2000/-<br><br>20,000/-) | ഒരു പ്രാവശ്യം മാത്രമേ ഈ ആനുകൂല്യം നൽകുകയുള്ളൂ. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റും ഹാജരാക്കണം. പാമ്പിൻവിഷ ചികിത്സയ്ക്ക് പ്രത്യേക സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സിച്ചാലും സഹായം അനുവദിക്കും. 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല. |

→

| ക്രമ നമ്പർ | ആനുകൂല്യം | നിരക്ക് | | ആനുകൂല്യം ലഭിക്കാനുള്ള നിബന്ധനകൾ * |
|---|---|---|---|---|
| | | നിലവിലുണ്ടായിരുന്നത് (രൂപ) | പുതുക്കിയത് (രൂപ) | |
| 8 | വിവാഹധനസഹായം (പുരുഷ അംഗങ്ങൾക്കും അംഗത്തൊഴിലാളികളുടെ ആൺമക്കൾക്കും).<br><br>വിവാഹധനസഹായം (സ്ത്രീ തൊഴിലാളികൾക്കും അംഗത്തൊഴിലാളികളുടെ പെൺമക്കൾക്കും) | 2000/-<br><br>3000/- | 2500/-<br><br>3000/- | ഒരു വർഷത്തെ തുടർച്ചയായ അംഗത്വമുള്ളവർക്കേ അർഹതയുള്ളൂ. മക്കളുടെ വിവാഹത്തിനുള്ള ധനസഹായത്തിന് അംഗതൊഴിലാളിക്ക് 3 വർഷത്തെ തുടർച്ചയായ അംഗത്വമുണ്ടായിരിക്കണം. നിർദ്ദിഷ്ട ഫോറത്തിലെ അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റ്, മക്കളുടെ കാര്യത്തിലാണെങ്കിൽ ബന്ധം/വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇവ ഹാജരാക്കണം. 90 ദിവസം കഴിഞ്ഞ അപേക്ഷയോടൊപ്പം വൈകാനുള്ള കാര്യകാരണങ്ങൾ സഹിതം മാപ്പപേക്ഷ സമർപ്പിക്കണം. 270 ദിവസം കഴിഞ്ഞ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കില്ല. 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല. |

* ആനുകൂല്യങ്ങൾക്കുള്ള എല്ലാത്തരം അപേക്ഷകൾക്കൊപ്പവും അംഗതൊഴിലാളികളുടെ ഐഡന്റിറ്റി കാർഡിന്റെയും പാസ്സ് ബുക്കിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണമെന്ന നിബന്ധനയുണ്ട്.

Joseph

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 340

19.9.2007-ൽ മറുപടിയ്ക്ക്

## നെൽക്കർഷകർക്ക് പലിശ രഹിത വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോർജ്ജ് .എം.തോമസ്<br>ശ്രീ. പി. വിശ്വൻ<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. എ.എം ആരിഫ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നെൽ കർഷകർക്ക് പലിശ രഹിത വായ്പ നൽകാനുള്ള പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഒരു കർഷകന് എത്ര തുകയാണ് വായ്പ നൽകുന്നത്; നെൽകൃഷിക്ക് സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; | (ബി) പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ചെറുകിട നാമമാത്ര കർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം ഒരു കർഷകന് പരമാവധി 50000 രൂപ വരെ പലിശ രഹിത വായ്പ ലഭിക്കുന്നുണ്ട്. നെൽകൃഷിക്ക ദേശീയ കാർഷിക ഇൻഷ്വറൻസ് സംസ്ഥാന വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നിലവിലുണ്ട്. എങ്കിലും കൂടുതൽ പ്രയോജനപ്രദമായ ഒരു ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് സർക്കാർ പരിഗണിച്ചു വരികയാണ് |

| | |
|---|---|
| (സി) ഒരു മേഖലയിൽ മൊത്തമായുണ്ടാകുന്ന കൃഷി നാശത്തിനു മാത്രമേ ഇൻഷ്വറൻസ് കമ്പനി പണം നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഒരു വ്യക്തിക്ക് ഉണ്ടാകുന്ന കൃഷി നാശത്തിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ഡി) വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമി കുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടാനശല്യം എന്നീ പ്രകൃതി ക്ഷോഭങ്ങൾ മൂലം ഒരു വ്യക്തിക്ക് കൃഷി നാശം സംഭവിച്ചാൽ പ്രസ്തുത വ്യക്തിയുടെ വിളകൾ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തിക്ക് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ് കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന നിലയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 341

19.9.2007-ൽ മറുപടിയ്ക്ക്

## സൗജന്യ നിരക്കിൽ വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.സി കുഞ്ഞിരാമൻ<br>ശ്രീമതി.ജെ. അരുന്ധതി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ചെറുകിട നാമമാത്രകർഷകർക്ക് കാർഷികാവശ്യത്തിന് സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്ന കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ: | (എ) ചെറുകിട നാമമാത്രകർഷകർക്കുള്ള കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ നെൽകൃഷിക്കാർക്ക് ഭൂപരിധിയില്ലാതെയും മറ്റുവിളകൾക്ക് രണ്ടുഹെക്ടർവരെയും നിലവിൽ ആനുകൂല്യം നൽകിവരുന്നു. കാർഷികാവശ്യത്തിന് കൃഷി ആഫീസർ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന ഉപഭോക്താവിന് സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതിന് നിശ്ചിത ഫാറത്തിൽ വീണ്ടും കൃഷി ഓഫീസർക്ക് അപേക്ഷ നൽകണം തുടർ നടപടികൾ കൃഷി ഭവൻ തലത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | (ബി) പ്രസ്തുത വിവരം ജില്ലകളിൽ നിന്നും ശേഖരിച്ചുവരുന്നു. |
| (സി) വൈദ്യുതി ചാർജ്ജ് ഇനത്തിൽ എല്ലാ ജില്ലകൾക്കുമായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (സി) 2007-08 സാമ്പത്തിക വർഷം വൈദ്യുതി സൗജന്യ പദ്ധതിയിൽ ആനുകൂല്യം നൽകുന്നതിന് 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് |

| | |
|---|---|
| (ഡി) കർഷകർക്ക് കൂടുതൽ വൈദ്യുതി ഇളവ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ഡി) നിർദ്ദേശം സംബന്ധിച്ച് പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 342 — 19- 9-2007 ൽ മറുപടിക്ക്

## പോലീസ് കോൺസ്റ്റബിൾ നിയമന യോഗ്യത

**ചോദ്യം**

ശ്രീ. എ. പ്രദീപ് കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ.എം. യൂസുഫ്
ശ്രീ. വി. ശശികുമാർ
ശ്രീ. പി.ടി.എ. റഹീം

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

(എ) പോലീസ് കോൺസ്റ്റബിൾ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആയി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എ) പോലീസ് കോൺസ്റ്റബിൾ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആയി ഉയർത്തുന്നതിനുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വോട്ടയിൽ എത്ര ശതമാനം പേർക്കാണ് നിയമനം നൽകുന്നത്;

(ബി) നേരിട്ടുള്ള നിയമനത്തിൽ എടുക്കുന്ന ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ 10% വരെ സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം നടത്താവുന്നതാണ്. ഹവിൽദാർ, എ.പി.എ.എസ്.ഐ എന്നീ തസ്തികകളിൽ ക്വാട്ട നിശ്ചയിച്ചിട്ടില്ല.

(സി) പോലീസ് വകുപ്പിലെ പത്ത് ശതമാനം ഒഴിവിൽ സ്പോർട്ട്സ് ക്വോട്ടയിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 343 — 19-09-2007- ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയെ ദുരിതബാധിത ജില്ലയായി പ്രഖ്യാപിച്ച കർഷക കടാശ്വാസ കമ്മീഷന്റെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ് | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷക കടാശ്വാസ കമ്മീഷൻ വയനാട് ജില്ലയെ ദുരിത ബാധിത ജില്ലയായി പ്രഖ്യാപിച്ചത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്.<br>9.08.07 ലെ സ.ഉ.(എം.എസ്) നം.139/07/കൃഷി പ്രകാരം വയനാട് ജില്ലയെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) കർഷകർക്ക് നൽകേണ്ട ആശ്വാസം സംബന്ധിച്ച് കമ്മീഷൻ ശുപാർശകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്.<br>വയനാട് ജില്ലയിലെ 5ഏക്കർ വരെ കൃഷിഭൂമി ഉള്ള കർഷകരുടെ 30.06.06 വരെയുള്ള കടങ്ങൾ ബാദ്ധ്യത തുക 25,000 രൂപയിൽ കൂടുന്നില്ലെങ്കിൽ എഴുതിത്തള്ളണമെന്നുള്ള കമ്മീഷന്റെ ശുപാർശ സർക്കാരിന് 13.09.07 ൽ ലഭിച്ചിട്ടുണ്ട്. |
| സി) കമ്മീഷന്റെ ശുപാർശ അംഗീകരിച്ചാൽ എത്ര പേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ; | (സി) | കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചാൽ വയനാട് ജില്ലയിലെ75,000 ത്തോളം അപേക്ഷകർക്ക് ആനുകൂല്യം ലഭിക്കുമെന്ന് കണക്കാക്കുന്നു. |
| ഡി) കമ്മീഷന്റെ ശുപാർശയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | പ്രസ്തുത ശുപാർശ 13.09.07 ൽ സർക്കാരിന് ലഭിച്ചിട്ടേയുള്ളൂ. ഇത് പരിശോധിച്ച് സർക്കാർ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

UU

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 344  19.9.2007 ൽ മറുപടിക്ക്

ശബരിമല സീസൺ പരിഗണിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>: രാജു എബ്രഹാം<br>: കെ. സി. രാജഗോപാലൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |
| (എ) ശബരിമല സീസൺ പരിഗണിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ശബരിമല സീസൺ പരിഗണിച്ച് ശബരിമല റോഡുകളുടേയും അനുബന്ധ റോഡുകളുടേയും അറ്റകുറ്റപണികൾ ക്കായി 1742.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പണികൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു |
| (ബി) ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) അനുമതി നൽകിയ റോഡുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 345

19.9.2007-ൽ മറുപടിയ്ക്ക്

## ദേശീയ നീർത്തട വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ദേശീയ നീർത്തട വികസന പദ്ധതി പ്രകാരം പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതുവരെയും സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ദേശീയ നീർത്തട വികസന പദ്ധതി പ്രകാരമുള്ള പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം 14 ജില്ലകളിലായി 31 സബ് വാട്ടർഷെഡുകൾ തെരഞ്ഞെടുത്ത് ഡിസ്ട്രിക്ട് വാട്ടർഷെഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സ്റ്റേറ്റ് വാട്ടർഷെഡ് കമ്മിറ്റി അവയെല്ലാം അംഗീകരിച്ചു കഴിഞ്ഞു. വാട്ടർഷെഡുകളുടെ പ്രവർത്തനത്തിന് ആവശ്യമായ വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ഗുണഭോക്താക്കൾക്കും മറ്റ് ബന്ധപ്പെട്ടവർക്കും സമയബന്ധിതമായി ട്രെയിനിംഗിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. |
| (ബി) എങ്കിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ. | (ബി) തടസ്സങ്ങൾ ഒന്നുമില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ ഉടൻതന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ് |

| | |
|---|---|
| (സി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ നീർത്തട വികസനത്തിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി)50.89 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 346. 19.09.2007 ൽ മറുപടിയ്ക്ക്

**സുരക്ഷ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. സുരേന്ദ്രൻ പിള്ള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഹൈദരാബാദ് സ്ഫോടനങ്ങളെത്തുടർന്ന് സുരക്ഷ ശക്തിപ്പെടുത്തുവാൻ സംസ്ഥാനത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) കേന്ദ്ര ഇൻറലിജൻസ് ഏജൻസിയിൽ നിന്നും ലഭിച്ച സന്ദേശത്തിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സുരക്ഷ ശക്തിപ്പെടുത്തുന്നതിന് എല്ലാ ജില്ലാ പോലിസ് സൂപ്രണ്ട്/ പോലീസ് കമ്മീഷണർമാർക്കും മറ്റ് സീനിയർ പോലിസ് ഓഫീസർമാർക്കും പ്രത്യേക നിർദ്ദേശം നൽകുകയുണ്ടായി. അതോടൊപ്പം തന്നെ പ്രത്യേക നിരീക്ഷണവും നടത്തിവരുന്നുണ്ട്. |
| ബി) തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും, അനധികൃതമായി താമസിക്കുന്ന വിദേശ പൗരന്മാരെ കണ്ടെത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | ബി) തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ഒട്ടാകെ പോലീസ് പ്രത്യേകം ജാഗ്രത പാലിക്കുന്നുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി മാരുടെ നേതൃത്വത്തിൽ അനധികൃതമായും ശരിയായ രേഖകളില്ലാതെയും സംസ്ഥാനത്ത് താമസിക്കുന്ന വിദേശികളെ, പ്രത്യേകിച്ചും പാക്കിസ്ഥാൻ പൗരന്മാരെ കണ്ടെത്തുന്നതിനും, തിരികെ അയക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.<br><br>വിദേശ പൗരന്മാർ സംസ്ഥാനത്ത് വരുന്നതിൻേറയും തിരികെ പോകുന്നതിൻേറയും അവരുടെ താമസത്തിൻേറയും വിവരങ്ങൾ പോർട്ട് രജിസ്ട്രേഷൻ ആഫീസർമാർ പ്രത്യേകം രേഖപ്പെടുത്തി വയ്ക്കാറുണ്ട്. യഥാർത്ഥ രേഖകളില്ലാതെ താമസിക്കുന്ന വിദേശ പൗരന്മാരെ കണ്ടെത്തുന്നതിന് ഹോട്ടലുകളിലും മറ്റു സ്ഥലങ്ങളിലും പതിവായി സ്പെഷ്യൽബ്രാഞ്ച് ഉദ്യോഗസ്ഥന്മാർ നിരീക്ഷണം നടത്തി വരുന്നുണ്ട്. അതുപോലെ തന്നെ സംസ്ഥാനത്തെ എയർപോർട്ടുകളിലും വിദേശികളുടെ വിസാ സംബന്ധിച്ചുള്ള രേഖകൾ, യാത്രാ രേഖകൾ മുതലായവ പ്രത്യേകം പരിശോധിച്ചു വരുന്നുണ്ട്. |

അനഭിലക്ഷണീയമായ വിദേശികളുടെ വരവിനെ തടയുന്നതിന് എല്ലാ ചെക്ക്പോസ്റ്റുകളിലും (എയർപോർട്ടുകളിലും സീപോർട്ടിലും) ലുക്ക്ഔട്ട് സർക്കുലറുകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) ഹൈദരാബാദ് സ്ഫോടനങ്ങളുടെ പശ്ചാത്തലത്തിൽ ഇവ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമായതിനാൽ ഇവ പരിഷ്കരിക്കേണ്ട ആവശ്യം ഇപ്പോൾ കാണുന്നില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 347 | 19.9.2007 ൽ മറുപടിക്ക്

" കള്ളനോട്ടു കേസ്സുകൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ :<br>ശ്രീ. എം. ഉമ്മർ :<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ)സംസ്ഥാനത്ത് ഇപ്പോൾ എത്ര കള്ള നോട്ടു കേസ്സുകളുടെ അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു ; | (എ) 203 കള്ളനോട്ട് കേസ്സുകളുടെ അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു. |
| (ബി)ഇത് സംബന്ധമായി എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; | (ബി) ' 421 ' പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി)കള്ളനോട്ടിന്റെ അച്ചടിക്കും വിതരണ ത്തിനും ഉത്തരവാദികളാരെല്ലാമെന്ന് തെളിഞ്ഞിട്ടുണ്ടോ ; | (സി)കേസ്സുകൾ അന്വേഷണത്തിലാണ്. ചില കേസ്സുകളിൽ കള്ളനോട്ടിന്റെ അച്ചടിയ്ക്കും, വിതരണത്തിനും ഉത്തരവാദികളായവരെ കണ്ടുപിടിച്ചിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി)വിദേശത്ത് അച്ചടിച്ച കള്ളനോട്ടുകൾ വിതരണം നടത്തുന്നതായ വാർത്ത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ അന്വേഷണത്തിലുണ്ട് ; അതിന്റെ വിശ ദാംശം വെളിപ്പെടുത്തുമോ ? | (ഇ) ഇത്തരത്തിലുള്ള കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

**ആറാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 348 | 19.9.2007 -ൽ മറുപടിയ്ക്ക് |

## നാണ്യവിളകളുടെ താങ്ങുവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എസ്. സുനിൽ കുമാർ<br>ശ്രീ. എൻ .രാജൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.കെ അജിത് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; താങ്ങുവില എത്രയായി പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | (എ) ആവശ്യപ്പെട്ടിട്ടുണ്ട്. 2008 സീസണിലേയ്ക്ക് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4970/- രൂപയും ഉണ്ട കൊപ്രയ്ക്ക് 5120/-രൂപയുമാണ് താങ്ങുവിലയായി സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത് |
| (ബി) താങ്ങുവില പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട നാണ്യവിളകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) നിലവിൽ സംസ്ഥാനത്തെ നാണ്യവിളകളിൽ നാളികേര ഉല്പന്നമായ കൊപ്രയ്ക്കും, നെല്ലിനും മാത്രമാണ് താങ്ങുവില പ്രഖ്യാപിക്കുന്നത്. പച്ച നാളികേര സംഭരണം നടപ്പാക്കണമെന്നും നാളികേരത്തിന് തന്നെ താങ്ങുവില ഏർപ്പെടുത്തണമെന്നും കൂടാതെ വർഷങ്ങളായി ഗണ്യമായ തോതിൽ വിലയിടിവ് നേരിടുന്ന പ്രധാനപ്പെട്ട നാണ്യവിളകളായ കുരുമുളക്, അടയ്ക്ക, ഏലം എന്നിവയെക്കൂടി കേന്ദ്ര താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്ക [illegible] എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. |

നെല്ലിനുള്ള കേന്ദ്ര താങ്ങുവില ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് ഉല്പാദനച്ചെലവിനെ കണക്കിലെടുത്തുകൊണ്ടല്ല എന്ന സ്ഥിതിവിശേഷത്തിൽ സംസ്ഥാന സർക്കാർ നെല്ലിന് കിലോയ്ക്ക് 9 രൂപാ നിരക്കിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് ഇന്ത്യയിലെ ഏറ്റവും ഉയർന്ന സംഭരണ വിലയാണ്.

(സി) ഇതിന്മേൽ കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന്റെ ശുപാർശ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

(സി) പച്ചത്തേങ്ങയ്ക്ക് താങ്ങുവില നിശ്ചയിച്ച് സംഭരിക്കുന്ന കാര്യത്തിൽ കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന്റെ 22.8.2007-ൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം പരിഗണനാർഹമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മറ്റ് വിളകൾക്ക് താങ്ങു വില പ്രഖ്യാപിക്കുന്നതിന് ശുപാർശ കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷനിൽ നിന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 349

19.09.2007 -ൽ മറുപടിയ്ക്ക്

## കർഷക പെൻഷൻ

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ. വി.ജെ. തങ്കപ്പൻ
ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. സാജു പോൾ

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

എ) സ.ഉ.(എം.എസ്.) 122/94/കൃഷി തീയതി 30.3.1994 ഉം തുടർന്നുള്ള ഭേദഗതി സ.ഉ.(എം.എസ്.) 406/94/കൃഷി തീയതി 18.11.1994 പ്രകാരം ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ള കർഷകർക്ക് 60 വയസ്സു മുതൽ മരണം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ വ്യവസ്ഥ ചെയ്തിരുന്നു.

ബി) ഈ പദ്ധതിയിൽ എത്ര കർഷകരെ അംഗങ്ങളായി ചേർത്തിരുന്നു; ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

സി) ഈ പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

(ബി) യും (സി) യും:

ഈ പദ്ധതിയിൽ 98861 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുള്ള കാര്യം കഴിഞ്ഞ സർക്കാർ നബാർഡിനെ ചുമതലപ്പെടുത്തി അന്വേഷണം നടത്തി കണ്ടെത്തി. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റ് 5000/- രൂപ വീതം നഷ്ടപരിഹാരം നൽകി ഈ പദ്ധതി അവസാനിപ്പിക്കാൻ

നിര്‍ദ്ദേശിച്ചിരുന്നു. എന്നാല്‍ ഈ പദ്ധതിയില്‍ അംഗങ്ങളായവര്‍ അപേക്ഷിച്ചതനുസരിച്ച് ഈ സര്‍ക്കാര്‍ കാര്‍ഷിക മേഖലയില്‍ ഒരു ലക്ഷം യുവജനങ്ങള്‍ക്കുള്ള തൊഴില്‍ദാന പദ്ധതിയെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി റിപ്പോര്‍ട്ട് സമര്‍പ്പിക്കുവാന്‍ പ്ലാനിംഗ് ബോര്‍ഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോര്‍ട്ട് ലഭിച്ചതിനുശേഷം അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. എന്നാല്‍ "കിസാന്‍ശ്രീ" എന്ന കര്‍ഷകക്ഷേമ പദ്ധതിയുമായി ബന്ധപ്പെടുത്തി കര്‍ഷകര്‍ക്ക് പെന്‍ഷന്‍ കൂടി ലഭ്യമാക്കുന്ന ഒരു പദ്ധതി സര്‍ക്കാര്‍ പരിഗണിക്കുന്നുണ്ട്.

സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 350      19.09.2007 ൽ മറുപടിക്ക്.

പോലീസ് കംപ്ലെയിന്റ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും<br>വകുപ്പ് മന്ത്രി) |
| (എ) പോലീസുകാർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള സർക്കാർ വിജ്ഞാപനം നം.3613/ലെജി.ബി 1/07/നിയമം തീയതി 02.04.2007 പ്രകാരം നിലവിൽ വന്ന കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2007-ലെ ചാപ്റ്റർ III A വകുപ്പ് 7 E ൽ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് സർക്കാർ നോട്ടിഫിക്കേഷൻ നം.29926/ഇ1/07/ഹോം തീയതി 11.05.07 പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ (റിട്ട. ജഡ്ജ്) ചെയർമാൻ ആയുള്ള പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാപോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും |

രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. സംസ്ഥാനതല കംപ്ലയിന്റ്സ് അതോറിറ്റി, പോലീസ് സൂപ്രണ്ട് തലം മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതരമായ സ്വഭാവ ദൂഷ്യത്തെ സംബന്ധിച്ച പരാതികളും, എല്ലാ തലങ്ങളിലുമുള്ള പോലീസ് ഓഫീസർമാർക്കെതിരെ ആരോപിക്കപ്പെടുന്ന കസ്റ്റഡി മരണം, കസ്റ്റഡിയിലുണ്ടാകുന്ന പരിക്കുകൾ, ബലാൽസംഗം, മാനഭംഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും പരിശോധിച്ച് ആവശ്യമായ ഉപദേശം നൽകുന്നതിനും, പോലീസ് സൂപ്രണ്ടിന് താഴെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതി പരിശോധിച്ച് ഉപദേശം നൽകുന്നതിന് ജില്ലാതല കംപ്ലയിന്റ്സ് അതോറിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ ഇതിനകം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; : (ബി) പരാതികൾ ഒന്നും ലഭിച്ചതായി അറിവില്ല.

| | | |
|---|---|---|
| (സി) പോലീസിൽ ക്രിമിനൽ-മാഫിയ ബന്ധമുള്ളവരെ കണ്ടുപിടിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | : | (സി) ഏർപ്പെടുത്തിയിട്ടുണ്ട്. (പോലീസ് ഉദ്യോഗസ്ഥന്മാർ, ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയക്കാർ എന്നിവർക്ക് ഹവാല ഇടപാടുകാരുമായി ഉണ്ടെന്നു ആരോപിക്കപ്പെടുന്ന ബന്ധങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനായി പോലീസ് ഹെഡ് ക്വാർട്ടേഴ്സ് പ്രൊസീഡിംഗ്സ് പ്രകാരം എറണാകുളം റേഞ്ച് ഐ.ജി.ശ്രീ. വിൻസൺ എം. പോൾ IPS ന്റെ നേതൃത്വത്തിൽ ഒരു ഉന്നതതല പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. ) |
| (ഡി) പോലീസ് വകുപ്പിലെ അഴിമതി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | : | (ഡി) പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള പരാതികളും, അഴിമതി, കൈക്കൂലി മുതലായവയും അന്വേഷിക്കുന്നതിന് എ.ഡി.ജി.പി.(ഹെഡ് ക്വാർട്ടേഴ്സ്) യെ പോലീസ് ഡിപ്പാർട്ടുമെന്റിലെ വിജിലൻസ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പോലീസ് വകുപ്പിലെ ജീവനക്കാർക്ക് എതിരെയുള്ള പരാതികളിന്മേലും ആരോപണങ്ങളിന്മേലും ഉള്ള നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **351** — **19- 9-2007** ൽ മറുപടിക്ക്

## കുറ്റാന്വേഷണം ശാസ്ത്രീയമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതു സംബന്ധിച്ച് പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് പദ്ധതി ഉണ്ടോ; | (ബി) ഉണ്ട് |
| (സി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് പരിശീലനം നൽകുന്നത്; | (സി) സി.ഡി.റ്റി.എസ്, ഹൈദ്രബാദ്, എൻ.ഐ.സി.എഫ്.എസ്. ന്യൂഡൽഹി, ബി.പി. ആന്റ് ഏ. ആർ.ഡി, ന്യൂഡൽഹി, എൻ.സി.ആർ.ബി, ന്യൂഡൽഹി, നാഷണൽ പോലീസ് അക്കാദമി, ഹൈദ്രബാദ്, കേരള പോലീസ് അക്കാദമി, തൃശ്ശൂർ, പോലീസ് ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം മുതലായ സ്ഥാപനങ്ങളിലാണ് പരിശീലനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 352

19.09.2007 ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് പതിനൊന്നാം പദ്ധതിയിൽ പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ സഹകരണത്തോടെ പഞ്ചായത്തുകളുമായി സഹകരിച്ച് ഹരിതശ്രീ എന്ന ഊർജ്ജിത പച്ചക്കറി വികസന പരിപാടി നടപ്പിലാക്കിവരുന്നു. |
| ബി) എങ്കിൽ ഇത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ബി) ഹരിതശ്രീ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ ഇടുക്കി ജില്ലയിലാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. 10,000 ഹെക്ടർ സ്ഥലത്ത് കർഷകരെ ഗ്രൂപ്പുകളാക്കി പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ മുഖ്യ മേൽനോട്ടം വഹിക്കുന്നത് കൃഷിഭവനിലെ കൃഷി ആഫീസറാണ്. മൂന്നു സീസണിലായി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,000 രൂപ സർക്കാർ സബ്സിഡി നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണം, വിപണനം എന്നീ ചുമതലകൾ ഹോർട്ടികോർപ്പ്, |

വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിനായി 45 ലക്ഷം രൂപ വീതം രണ്ട് ഏജൻസികൾക്കും നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 353      19.09.2007-ലെ മറുപടിയ്ക്ക്

## ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഹംസ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. റ്റി.ജെ. ആഞ്ചലോസ് :<br>ശ്രീ. കെ.കെ.ദിവാകരൻ :<br>ശ്രീ. സി.എം.ദിനേശ് മണി : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ഇ.എസ്.ഐ.ആശുപത്രികളുടെ നവീകരണത്തിന്റെ ഭാഗമായി 80.33 ലക്ഷം രൂപ ഉപയോഗിച്ച് 12 ഇ.എസ്.ഐ.ആശുപത്രികളിലെയും കേടായ ആശുപത്രി ഫർണിച്ചർ, കട്ടിലുകൾ, ഡ്രിപ്പ്സ്റ്റാൻഡ്, സ്റ്റൂൾ, എക്സാമിനേഷൻ ടേബിൾ, ഫുഡ്ട്രോളി, മെഡിസിൻ ട്രോളി ബെഡ്സൈഡ് ലോക്കർ (സ്ട്രെച്ചർ ട്രോളി), മെത്ത, തലയിണ, ബെഡ്ഷീറ്റ് തുടങ്ങിയവ മാറ്റി പുതിയത് വാങ്ങി നല്കിയിട്ടുണ്ട്. ആശുപത്രിയ്ക്ക് ആവശ്യമായ 25000/- രൂപയ്ക്കു മുകളിലുള്ള ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിഭാഗം ഇ.എസ്.ഐ.ഡിസ്പെൻസറികളിലും അണുവിമുക്തീകരണത്തിനായി മിനി ആട്ടോക്ലേവ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ആവശ്യമുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിലേയ്ക്കും ഡിസ്പെൻസറികളിലേയ്ക്കുമായി 2007-08 വർഷത്തേയ്ക്ക് 7,46,19,193/- രൂപയുടെ മരുന്നിന് ഓർഡർ കൊടുത്തിട്ടുണ്ട്. |

| | |
|---|---|
| (സി) മെഡിക്കൽ റീഇംബേഴ്സ്മെൻറ് ക്ലെയിമുകൾ കാലവിളംബമില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ കൊണ്ടുവന്നു; അതനുസരിച്ച് ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ? | (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം 53,926 തൊഴിലാളികൾ ഇ.എസ്.ഐ. പദ്ധതിയിൽ വന്നിട്ടുണ്ട്. അതനുസരിച്ച് ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 'എ' പിരിവിലെ മറുപടിയിൽ വ്യക്തമാക്കിയ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

K.B. Syamala Kumari Amma
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 354 — 19-09-2007- ൽ മറുപടിയ്ക്ക്

## നീര

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ.സി. വേണുഗോപാൽ<br>പ്രൊഫ. കെ.വി. തോമസ് | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) തെങ്ങിൽ നിന്നും മധുരകള്ള് (നീര) ഉത്പ്പാദിപ്പിക്കാനുള്ള അവകാശം തെങ്ങ് കർഷകന് നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ എങ്കിൽ ഈ ആവശ്യം അംഗീകരിക്കാൻ ഉദ്ദേശമുണ്ടോ ; | (എ) & (ബി) | ചില കർഷക സംഘടനകളും കർഷകരും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. തെങ്ങിൽ നിന്നും നീര പോലുള്ള ലഹരി വിമുക്തമായൊരു ലഘുപാനീയം ഉദ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. |
| ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ; | | |
| സി) തെങ്ങിൽ നിന്നും 'നീര' ഉത്പ്പാദിപ്പിക്കുവാനുള്ള അവകാശം തെങ്ങ് കർഷകന് നൽകുന്നതുവഴി കേരകർഷകനെ രക്ഷിക്കാൻ കഴിയുമോ ? | | കേരകൃഷിക്കാരുടെ രക്ഷക്കായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും, വിപണനവും അടക്കം വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 355

19.09.2007 -ൽ മറുപടിയ്ക്ക്

# കാർഷിക വിളകളുടെ ഉല്പാദനക്ഷമത

**ചോദ്യം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ശ്രീ. എം.കെ. പ്രേംനാഥ്
ശ്രീ. ജോസ് തെറ്റയിൽ

എ) കാർഷിക വിളകളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് പതിനൊന്നാം പദ്ധതിക്കാലത്ത് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പതിനൊന്നാം പദ്ധതിക്കാലത്ത് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു.

a) വിളകളുടെ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കൃത്യസമയത്ത് കർഷകർക്ക് ലഭ്യമാക്കൽ.

b) ശാസ്ത്രീയമായ പരിചരണമുറകൾ കർഷകർ അവലംബിക്കുന്നതിനായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.

c) കാർഷിക വിളകളിൽ സംയോജിത വള പ്രയോഗവും സംയോജിത കീടരോഗ പരിപാലനവും അവലംബിക്കൽ.

d) ജലസേചന സൗകര്യം വർദ്ധിപ്പിക്കലും ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ഉറപ്പാക്കലും.

e) ആവശ്യമുള്ള കർഷകർക്ക് വായ്പ ലഭ്യമാക്കൽ.

f) ഗ്രൂപ്പ്/ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി പ്രോത്സാഹിപ്പിക്കൽ.

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. പാഡി ബോർഡിന്റെ രൂപീകരണം.
2. ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ നെൽ കർഷകർക്ക് കുറഞ്ഞ നിരക്കിൽ പലിശരഹിത വായ്പ.
3. ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നെൽകൃഷി മേഖലയെ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കൽ.
4. ശാസ്ത്രീയമായ നെൽകൃഷി വ്യാപിപ്പിക്കുന്നതിനോടൊപ്പം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും ജലസ്രോതസ്സുകൾ പരിപാലിക്കുകയും ചെയ്യുക.
5. വിത്തുല്പാദന പദ്ധതി ശക്തിപ്പെടുത്തുകയും സീഡ് അതോറിറ്റി വികസിപ്പിക്കുകയും ചെയ്യുക.
6. ഭക്ഷ്യ ഉല്പന്നങ്ങളായ നെല്ല്, കിഴങ്ങ് വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങളുടെ ഉല്പാദന വർദ്ധനവ്.
7. കാറ്റുവീഴ്ചമൂലം ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നട്ടുപിടിപ്പിക്കൽ.
8. തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും.
9. പച്ചക്കറി, പഴവർഗ്ഗങ്ങൾ, സുഗന്ധവിളകൾ, കശുമാവ് തുടങ്ങി വിളകളുടെ പ്രോത്സാഹനം.
10. ഉല്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും.

11. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ലബോറട്ടറികളുടെ ആധുനികവത്കരണം.
12. വിള ഇൻഷുറൻസ്, കർഷക ക്ഷേമ പദ്ധതികൾ.
13. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ.
14. നെൽകൃഷി പ്രോത്സാഹനത്തിനായി ഉല്പാദന ബോണസ്.
15. കർഷകർക്കായുള്ള വൈദ്യുതി സൗജന്യം.

ബി) കാർഷിക വിളകളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

ബി) കേരളത്തിലെ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ വിവിധ വിളകളിൽ അതതു പ്രദേശത്തേയ്ക്കനുയോജ്യമായ അത്യുല്പാദനശേഷിയുള്ളതും, കീടരോഗ പ്രതിരോധശേഷിയുള്ളതുമായ ഇനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാലന മുറകൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം പതിനൊന്നാം പദ്ധതിയിൽ ഊർജ്ജിതപ്പെടുത്തുന്നതാണ്.

സി) ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പുവർഷം എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നത്;

സി) നെല്ലുല്പാദനം വർദ്ധിപ്പിക്കാനായി " കേരളശ്രീ" പദ്ധതി, നാളികേരവികസനം ലക്ഷ്യമാക്കി "കേരശ്രീ" പദ്ധതി, പച്ചക്കറിയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കിയുള്ള "ഹരിതശ്രീ" പദ്ധതി, നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും. കാർഷിക മേഖലയ്ക്കുള്ള പ്രത്യേക സഹായ പദ്ധതികൾ, കാർഷിക

വിജ്ഞാനവും വിനിമയവും ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ, സംയോജിത കീട നിയന്ത്രണം, പ്രൊഡക്ഷൻ റിസ്ക് മാനേജ്മെന്റ് പദ്ധതികൾ, കാർഷിക വിപണനവും ഗുണനിയന്ത്രണവും, ദേശീയ ബയോഗ്യാസ് വികസന പദ്ധതി, കൃഷി ഭവൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി, കർഷകരക്ഷാ പദ്ധതി തുടങ്ങിയ പരിപാടികളാണ് കൃഷി വകുപ്പ് നടപ്പുവർഷം നടപ്പിലാക്കുന്നത്.

(ഡി) കാർഷിക മേഖലയ്ക്കായി പത്താം പദ്ധതി കാലത്ത് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ?

ഡി) 10-ാം പദ്ധതിക്കാലത്ത് വിവിധ പദ്ധതിയിൽ അനുവദിച്ച തുക - 71019,57 ലക്ഷം. ചെലവഴിച്ച തുക 64774,26 ലക്ഷം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 356

19.9.2007-ൽ മറുപടിക്ക്

# തെങ്ങു രോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ.കെ.ബാബു | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തെങ്ങുകൾ ഇന്ന് ഏതെല്ലാം രോഗങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്നു ; ഈ രോഗങ്ങൾ തെങ്ങുകളെ ബാധിച്ചിട്ട് എത്ര കാലമായി; | (എ) കേരളത്തിലെ തെങ്ങുകളിൽ താഴെ പറയുന്ന രോഗങ്ങളാണ് പ്രധാനമായും കണ്ടുവരുന്നത്.<br>1.ബഡ്റോട്ട് (കൂമ്പുചീയൽ)<br>2.സ്റ്റെം ബ്ലീഡിംഗ് (ചെന്നീരൊലിപ്പ്)<br>3. ലീഫ് റോട്ട് (ഓല ചീയൽ)<br>4 റൂട്ട് വിൽറ്റ് കോംപ്ലക്സ് (കാറ്റുവീഴ്ച)<br>ഈ രോഗങ്ങൾ കേരളത്തിൽ വളരെ പണ്ടുകാലം മുതലെ കണ്ടുവരുന്നു |
| (ബി) ഈ രോഗങ്ങളെ നേരിടാൻ സംസ്ഥാന കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും എന്തെല്ലാം ഗവേഷണങ്ങൾ നടത്തി; | (ബി)ഈ രോഗങ്ങളെ നേരിടുന്നതിനു വേണ്ടി കേരള കാർഷിക സർവ്വകലാശാല പാർശ്വഫലങ്ങൾ ഇല്ലാത്ത കുമിൾ നാശിനികളിലും ജൈവ മാർഗ്ഗങ്ങളിലും സംയോജിത രോഗ നിയന്ത്രണ മാർഗ്ഗങ്ങളിലും സമഗ്ര കേര രക്ഷാമാർഗ്ഗങ്ങളിലും ഗവേഷണം നടത്തുന്നു. ചില പ്രതിവിധികൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതിനുള്ള ശുപാർശകൾ കാർഷിക സർവ്വകലാശാലയുടെ Package of Practices Recommendations: Crops 2002 എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സി) ഈ രോഗങ്ങൾ ബാധിച്ച തെങ്ങുകൾ വെട്ടിക്കളയുകയാണ് ഫലപ്രദമായ പരിഹാരമെന്ന് കരുതുന്നുണ്ടോ;

(സി) കൂമ്പുചീയൽ, ഓലചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾക്കെതിരെ കേരള കാർഷിക സർവ്വകലാശാല ശുപാർശ ചെയ്യുന്ന പരിപാലന മുറകൾ സ്വീകരിക്കുന്നതു വഴി രോഗം നിയന്ത്രണ വിധേയമാക്കാൻ സാധിക്കും. കാറ്റുവീഴ്ച ബാധിച്ച തോട്ടങ്ങളിൽ അതിന്റെ പ്രാരംഭ, മധ്യ ഘട്ടങ്ങളിലുള്ള തെങ്ങുകൾ നന്നായി പരിചരിച്ചാൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും രോഗ രൂക്ഷമാകാതിരിക്കുവാനും സഹായിക്കും. എന്നാൽ, പൂർണ്ണമായി കാറ്റുവീഴ്ച രോഗം ബാധിച്ച്, പ്രതിവർഷം 10 തേങ്ങയിൽ കുറഞ്ഞ ഉല്പാദനക്ഷമതയുള്ളതും പൂക്കുല വരുന്നതിന് മുമ്പ് രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ച് മാറ്റുവാൻ കാർഷിക സർവ്വകലാശാല ശുപാർശ ചെയ്യുന്നു.

(ഡി) എങ്കിൽ രോഗം ബാധിച്ച എത്ര തെങ്ങുകൾ വെട്ടിമാറ്റേണ്ടതുണ്ടെന്നും അതിന് കർഷകർക്ക് എന്തു സഹായമാണ് കൃഷിവകുപ്പ് നൽകുന്നതെന്നും അറിയിക്കുമോ?

(ഡി) സി.പി.സി.ആർ.ഐ യുടെ പഠനങ്ങൾ പ്രകാരം കാറ്റുവീഴ്ച രോഗബാധ രൂക്ഷമായ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ 6.5% തെങ്ങുകൾ വർഷത്തിൽ 10-ൽ താഴെ മാത്രം നാളികേരം ഉല്പാദിപ്പിക്കുന്നുള്ളൂ. ഇവ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റേണ്ടതാണ്. രോഗം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റുന്നതിന് കർഷകർക്ക് 250/- രൂപ ധനസഹായം കൃഷി വകുപ്പ് നൽകിവരുന്നു.

സെക്ഷൻ ഓഫീസർ

Diseases

***Phytophthora* diseases**

*Phytophthora palmivora* has been found to affect seedlings and adult palms causing bud rot and immature nut fall commonly known as mahali.

Bud rot

Symptoms

Palms of all age are liable to be attacked but normally young palms are more susceptible, particularly during monsoon when the temperature is low and humidity is very high. In seedlings, the spear leaf turns pale and comes off with a gentle pull. In adult palms, the first visible symptom is the colour change of the spear, which becomes pale and breaks at the base and hangs down. The tender leaf base and soft tissues of the crown rot into a slimy mass of decayed material emitting a foul smell. The rotting slowly progresses downwards, finally affecting the meristem and killing the palms. This is accompanied by drooping of successive leaves. Even then, nuts that are retained on the palm may grow to maturity. The disease proves fatal if not checked at the early stages, before damage of the bud.

Management

1. In early stages of the disease (when the heartleaf starts withering) cut and remove all affected tissues of the crown. Apply Bordeaux paste and protect it from rain till normal shoot emerges.
2. Burn all disease-affected tissues removed from the palm.
3. Spray 1% Bordeaux mixture on spindle leaves and crown of disease affected as well as neighbouring palms, as a prophylactic measure. Palms that are sensitive to copper containing fungicides can be protected by mancozeb. Small, perforated sachets containing 2 g of mancozeb may be tied to the top of leaf axil. When it rains, a small quantity of the fungicide is released from the sachets to the leaf base, thus protecting the palm.
4. Adopt control measures for rhinoceros beetle.
5. Provide adequate drainage in gardens.
6. Adopt proper spacing and avoid over crowding in bud rot prone gardens.

Mahali

Symptoms

Shedding of female flowers and immature nuts are the common symptoms of the disease. Lesions appear on the young fruits or buttons near the stalk, which later lead to the decay of the underlying tissues and endosperm.

Control

Spray 1% Bordeaux mixture or copper oxychloride preparation (0.5%) on the crown of palms, once before the monsoon and once or twice later on at intervals of 40 days.

**Root (wilt) disease**

Symptoms

The characteristic symptom is the flaccidity of leaflets. Yellowing of older leaves, necrosis of leaflets and deterioration and decay of root system are other salient features of the disease. The leaflets curve inwardly to produce ribbing so that the whole frond develops a cup like appearance. Abnormal shedding of buttons and immature nuts are also noticed.

Management

Coconut root (wilt) is a non-lethal debilitating disease and the affected palms survive for a long period giving a reasonably good yield. The root (wilt) affected palms are susceptible to diseases like leaf rot and pests like rhinoceros beetle and red palm weevil. So there is a chance of confusing the pests and disease symptom with the root (wilt) disease. Negligence on the management aspects aggravates the malady. Efficient management of palms suspected to be affected by coconut root (wilt) disease demands control of all pests and diseases and imparting natural resistance and health to the palms through proper manuring and agronomic practices. A package of management practices for the effective management of root (wilt) disease is given below.

Rogue out palms that are affected severely by root (wilt) and yield less than 10 nuts / palm / year and those, which have contracted the disease before flowering. Replant with disease tolerant material / high yielding hybrids (Chandrasankara).
2. Apply fertilizers for coconut palms in average management at the rate of 0.34 kg N, 0.17 kg $P_2O_5$ and 0.68 kg $K_2O$ / palm / year in the form of urea, rock phosphate and muriate of potash, respectively. For palms under good management, fertilizers may be given @ of 0.5 kg N, 0.32 kg $P_2O_5$ and 1.2 kg $K_2O$ / palm / year
3. In addition to the above, apply 50 kg cattle manure or green manure and 1 kg of lime / palm / year. Magnesium may be supplied @ 500 g MgO per palm per year in the Onattukara region (sandy soil) and 100 g MgO in the remaining areas. The cheapest source of MgO is magnesite ($MgCO_3$). The magnesium in magnesite is acid soluble. Hence it may be preferred in acid soils.
4. Growing green manure crops like sunn hemp, sesbania, cowpea and calapagonium in the coconut basin and their incorporation *in situ* is beneficial as the practice reduces the intensity of the root (wilt) and increases the nut yield. The ideal green manure crops for the sandy and alluvial soils are cowpea and sesbania, respectively.
5. Under rainfed conditions, apply fertilizers in two splits, 1/3rd at the time of early southwest monsoon and 2/3rd before the northeast monsoon. Under irrigated conditions apply fertilizers in three equal splits (April-May, August-September and December-January).
6. Apply fertilizers and manures in 10 cm deep circular basins at a radius of 2 m from the bole of the palm.
7. When the crop is grown under the bund and channel system, desilt the channel and strengthen the bunds during summer months.
8. Follow strictly all the prescribed prophylactic measures against leaf rot disease, red palm weevil, rhinoceros beetle etc. so as to ensure that the palms are not debilitated. To maintain the productivity of the palms, prophylactic measures are of great importance.

*Leaf rot*

Symptoms

The first symptom is the appearance of water-soaked brown lesions in the spear leaves of root-wilt affected palms. Gradually these spots enlarge and coalesce resulting in extensive rotting. As the leaf unfurls, the rotten portions of the lamina dry and get blown off in wind, giving a 'fan' shape to the leaves. Some times, the symptom becomes very acute and the spear fails to unfurl.
This disease is a fungal complex initiated predominantly by *Colletotrichum gloeosporioides, Exserohilum rostratum* and *Fusarium* spp.

Management

1. Remove the rotten portions from the spear and the two adjacent leaves.
2. Pour 300 ml of fungicidal solution at the base of the spear. This can be prepared by mixing hexaconazole 5 EC 2 ml or mancozeb 3 g in 300 ml water.
3. Treat the top two leaf axils with insecticide preparation. This can be prepared by mixing phorate 10 G / sevidol / carbaryl 20 g with 200 g sand.
4. Spray crowns and leaves with 1% Bordeaux mixture or 0.5% copper oxychloride formulations or 0.4% mancozeb in January, April-May and September. While spraying, care has to be taken to spray the spindle leaf.

***Stem bleeding***

Symptoms

Exudation of the reddish brown liquid through the growth cracks mostly at the basal part of the trunk and bleeding patches higher up in the trunk are characteristic symptoms. One or more lesions, lying close by, may coalesce to form large patches. The liquid that oozes out dries up and turns black. The tissues beneath the bleeding points decay and become yellowish. The lesions spread upwards as the disease progresses. In advanced stages, the

leaf size reduces leading to reduction in crown size. The rate of leaf production slows down. The production of bunches is affected and nut shedding takes place. The trunk gradually tapers towards the apex. The progress of the disease is faster during July to November.

Causal organism

The fungus, ***Thielaviopsis paradoxa*** is the causal agent. Growth cracks on the trunk, severe summer followed by heavy down pour, water stagnation, imbalance in nutrition, excess salinity and stress can act as predisposing / aggravating factors.

Control

1. Chisel out completely the affected tissues and paint the wound with tridemorph 5%. Apply coal tar after 1-2 days.
2. Destroy the chiseled materials by burning. Avoid any mechanical injury to trunk.
3. Apply neem cake @ 5 kg per palm in the basin along with other organics.
4. Root feed with tridemorph 5%, thrice a year during April-May, September-October and January-February to prevent further spread of lesions.
5. Apply tridemorph @ 25 ml in 25 litre of water as soil drenching once in four months.

പന്ത്രണ്ടാം കേരള നിയമസഭ
6-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 357 — 19.09.2007-ൽ മറുപടിക്ക്

പോലീസ് ഹെൽപ്പ്ലൈൻ, ഹൈവേ അലർട്ട് എന്നീ യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് ഹെൽപ്പ് ലൈൻ, ഹൈവേ അലർട്ട് എന്നീ യൂണിറ്റുകളുടെ പ്രവർത്തനം അനിശ്ചിതത്വത്തിലേക്ക് നീങ്ങുന്നതായുള്ള വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) യും, (ബി) യും (സി) യും |
| (ബി) പരിചയ സമ്പന്നരായ ഉദ്യോഗസ്ഥൻമാരെ മാറ്റി നാമമാത്രമായ ഉദ്യോഗസ്ഥരെ നിയമിക്കുക വഴി ഇവയുടെ കാര്യക്ഷമതയ്ക്ക് മങ്ങലേറ്റിട്ടുണ്ടോ; | പോലീസ് ഹെൽപ്പ് ലൈൻ, ഹൈവേ അലർട്ട് എന്നിവ കാര്യക്ഷമമായി തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഇതിനെ സംബന്ധിച്ച് വന്നിട്ടുള്ള പത്ര വാർത്തകൾ അടിസ്ഥാനരഹിതമാണ്. |
| (സി) ഈ യൂണിറ്റുകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :358

19-9-2007-ൽ മറുപടിയ്ക്ക്

ഫാം ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ :<br>ശ്രീ.പി.കൃഷ്ണപ്രസാദ് :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.കെ.വി.അബ്ദു ൾ ഖാദർ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) ഫാം ടൂറിസത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; | (എ) ഫാം ടൂറിസത്തിനായി പ്രത്യേകിച്ച് കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടില്ല. ഈ പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഏത് തരം ഫാമിനെയും ഈ പദ്ധതിയിൽ ടൂറിസം വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉൾപ്പെടുത്താവുന്നതാണ്. |
| (ബി) ഫാം ടൂറിസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ; ടൂറിസ്റ്റുകൾക്കായി എന്തെല്ലാം പദ്ധതികളാണ് ഈ കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത് ; | (ബി) ടൂറിസം വികസന പ്രവർത്തനങ്ങളിൽ കേരളത്തിന്റെ കാർഷിക മേഖലയേയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പദ്ധതിയ്ക്കാണ് ടൂറിസം വകുപ്പ് രൂപം നൽകിയിരിക്കുന്നത്. പ്രധാനമായും കേരളത്തിന്റെ ഫാമുകളിൽ ഉൽപാദിപ്പിയ്ക്കപ്പെടുന്ന കാർഷിക, നാണ്യ വിളകൾ സഞ്ചാരികൾക്ക് നേരിട്ട് കാണുവാനും, അവിടെ നിന്നും |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ള കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുവാനും സാധിക്കും. ഇതിലൂടെ ഫാമുകളുടെ പുനരുദ്ധാരണവും, കൂടുതൽ പേർക്ക് നേരിട്ടും, അല്ലാതെയും തൊഴിലവസരവും ലഭിക്കുന്നതാണ്. |
| (സി) | ഈ പദ്ധതിയോട് വിദേശ ടൂറിസ്റ്റുകൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ ; | (സി) | ഇത്തരത്തിലുള്ള പ്രകൃതിയുമായി ഇണങ്ങി ചേർന്ന ടൂറിസത്തിന് വിദേശ ടൂറിസ്റ്റുകൾക്ക് വളരെ അധികം താൽപര്യമാണ്. പൊതുവിൽ ടൂറിസ്റ്റുകൾക്കുള്ള താൽപര്യമാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കാൻ വകുപ്പിന് പ്രചോദനം നൽകിയത്. |
| (ഡി) | പദ്ധതിയോട് കർഷകരുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഫാം ടൂറിസത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം തന്നെ കർഷകരുടെ ഉന്നമനമാണ്. ഈ പദ്ധതി നടപ്പിലാക്കി വരുന്നതോടെ ഫാമുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർക്ക് സ്ഥിര വരുമാനവും, ജീവിത നിലവാരത്തിൽ ഉയർച്ചയും പ്രതീക്ഷിക്കുന്നു. കർഷകർ ഈ പദ്ധതിയിൽ താത്പര്യം കാണിക്കുന്നതായാണ് കാണുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ. * T 359

19.9.2007-ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതർ

ചോദ്യം

ശ്രീ. കെ. വി കുഞ്ഞിരാമൻ
ശ്രീ. കെ . കുഞ്ഞിരാമൻ
ശ്രീ. സി.എച്ച് കുഞ്ഞമ്പു
ശ്രീ. പി. ജയരാജൻ

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

(എ)എൻഡോസൾഫാൻ ദുരിത ബാധിതരെ സഹായിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) 2006-07 ബഡ്ജറ്റിൽ, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ആശ്വാസമെത്തിക്കാനായി 50 ലക്ഷം രൂപാ സർക്കാർ വകയിരുത്തുകയുണ്ടായി പ്രസ്തുത തുക 2007 ഫെബ്രുവരി അവസാനത്തോടെ ജില്ലാ പഞ്ചായത്തിന് കൈമാറി • താഴെ പറയുന്ന രീതിയിലാണ് പണം വിനിയോഗിക്കപ്പെടുന്നത്.

37.5ലക്ഷം രൂപ- ചികിത്സ

10 ലക്ഷം രൂപാ-സാമൂഹ്യക്ഷേമ പ്രവർത്തനം
(ഉപകരണങ്ങൾ നൽകലും മറ്റും)

2.5 ലക്ഷം രൂപ - കണ്ടിജൻസി ചെലവുകൾ

ഇതു കൂടാതെ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതമായി 5 ലക്ഷം രൂപയും 2006-07 വർഷത്തിൽ ലഭ്യമാക്കിയിരുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറുമായിക്കൊണ്ട് രൂപീകരിക്കപ്പെട്ട ' എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആൻറ് റെമഡിയേഷൻ സെൽ ' എന്ന പ്രത്യേക സെല്ലിൻെറ നേതൃത്വത്തിലാണ് ചികിത്സാ ആശ്വാസ നടപടികൾ കൈക്കൊള്ളുന്നത്. പ്രസ്തുത സെല്ലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ഇതിനകം നടത്തിയ ക്യാമ്പുകളിൽ അടിയന്തിര സർജറിയും മറ്റും ശുപാർശ ചെയ്യപ്പെട്ട 103 രോഗികളെ മംഗലാപുരം കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയും അർഹരായവർക്ക് ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിത്സകൾ നടത്തിയും വരുന്നു. ഇതിനകം 58 പേരെ പ്രസ്തുത ചികിത്സയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവർക്കായുള്ള ചികിത്സാ പരിപാടികൾ തുടർന്നുവരുന്നു. നേരത്തെ 174 പേരെ കാസർകോഡ് താലൂക്ക് ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലുമായി ചികിത്സയ്ക്ക് വിധേയമാക്കിയിരുന്നു. തുടർ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് അതിനുള്ള മരുന്നു വിതരണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്.

ദുരിതബാധിതരിൽ ശാരീരിക വൈകല്യമനുഭവപ്പെടുന്ന ആളുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. മരിച്ച 133 പേരുടെ ആശ്രിതർക്ക് 50,000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകിയിട്ടുണ്ട്.

(ബി) ദുരിതബാധിതരെ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേരാണ് ഇപ്പോഴും രോഗബാധിതരായി ഉള്ളത്;

(ബി) ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലും അതത് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ചെയർമാനായും പ്രാഥമികാരോഗ്യകേന്ദ്രം /സാമൂഹ്യാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ കണവീനറുമായിക്കൊണ്ട് രൂപീകരിക്കപ്പെട്ട സമിതികൾ വഴി രോഗികളുടെ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടക്കുകയും ജില്ലാതലത്തിൽ സെല്ലിൻെറ ആഭിമുഖ്യത്തിൽ അത് ക്രോഡീകരിക്കുകയുമാണ് ഉണ്ടായത്. അതു പ്രകാരം 1996 ആളുകളാണ് നിലവിലുള്ള ലിസ്റ്റിലുള്ളത്.

(സി) ദുരിതബാധിതരുടെ ചികിത്സയ്ക്കും മറ്റ് ആശ്വാസങ്ങൾക്കുമായി സ്വീകരിക്കു ൻദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ജില്ലാതലത്തിൽ രൂപീകരിക്കപ്പെട്ട 'എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആൻറ് റെമഡിയേഷൻ സെല്ലി' നായി ഒരു പ്രത്യേക വെബ്സൈറ്റ് തയ്യാറാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതു പ്രകാരം പ്രശ്നത്തിനുമേൽ ആഗോള ശ്രദ്ധ പതിയുന്നതിനും അതുവഴി ധനസമാഹരണത്തിനുമായി സൈറ്റ് ഉപയോഗപ്പെടുത്താമെന്നുമാണ് ഉദ്ദേശിക്കുന്നത്. ഒപ്പം പ്രശ്ന ബാധിതമായ പ്രദേശങ്ങളിൽ വിപുലമായ സർവ്വേയും കൂടുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ചികിത്സയും തുടർചികിത്സയുമൊക്കെ ഒരുക്കുന്നതിനായി പ്രത്യേകം പ്രത്യേകം കർമ്മ പദ്ധതികളും പ്രോജക്ടും തയ്യാറാക്കി ലഭ്യമായ വിവരങ്ങൾക്കനുസൃതമായി അടിയന്തിര പ്രവർത്തനങ്ങൾ തുടർന്ന് നടത്താനാണ് സെൽ ഉദ്ദേശിക്കുന്നത്

(ഡി) എൻഡോസൾഫാൻ കമ്പനിക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

(ഡി) 9.10.2006-ലെ സർക്കാർ ഉത്തരവ് (എം.എസ്) 91/2006/കൃഷി പ്രകാരം എൻഡോസൾഫാൻ നിർമ്മിച്ച് വിതരണം ചെയ്ത കമ്പനിക്കെതിരായി നഷ്ടപരിഹാരത്തിന് നിയമ നടപടി സ്വീകരിക്കുവാൻ ഉത്തരവിറക്കിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 360.        19.09.2007 ൽ മറുപടിയ്ക്ക്

## ഒളിവിൽ കഴിയുന്ന തീവ്രവാദികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) ഹൈറേഞ്ചിൽ മാവോയിസ്റ്റുകളും-ശ്രീലങ്കൻ തീവ്രവാദികളും ഒളിച്ചു താമസിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ പിടികൂടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | എ) ഉണ്ട്. തമിഴ് നാട് പോലീസ് 09.07.07-ൽ അറസ്റ്റുചെയ്ത തമിഴ് നാട് മാവോയിസ്റ്റ് നേതാവും സെക്രട്ടറിയുമായ സുന്ദരമൂർത്തി ഇടുക്കി ജില്ലയിൽ നെടുകണ്ടത്തും ശാന്തൻ പാറ പാറത്തോട് പുല്ലുമേട് കോളനിയിലും മുമ്പ് താമസിച്ചിട്ടുണ്ട് എന്ന് വിവരം ലഭിക്കുകയും അതിന്റെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിൽ എല്ലാ ചെക്ക്പോസ്റ്റുകളിലും പോലീസ് നിരീക്ഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ് നാട് അതിർത്തിയിൽപ്പെട്ട എല്ലാ പോലീസ് സ്റ്റേഷൻ അതിർത്തിയിലും പെട്രോളിങ്ങും തെരച്ചിലും നടത്തുന്നുണ്ട്. |
| ബി) അതിന്റെ ഫലമായി എത്ര മാവോയിസ്റ്റ്-ശ്രീലങ്കൻ തീവ്രവാദികളെ പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്? | ബി) മാവോയിസ്റ്റുകളെ അറസ്റ്റുചെയ്തിട്ടില്ല. എന്നാൽ നെടുംകണ്ടത്തു വെച്ച് ഇൻഡ്യയിൽ താമസിക്കാൻ മതിയായ രേഖകളില്ലാത്തതിനാൽ സദാരത്തിനം, വയസ്സ് 31, S/o. മുത്തയ്യ, ഓമൽതൈവട്ടം, നൊച്ചിക്കുളം ഗ്രാമം വാവുനി ജില്ല, ശ്രീലങ്ക എന്ന തമിഴ് വംശജനെ 29.08.07 തീയതി അറസ്റ്റു ചെയ്തി |

ട്ടുണ്ട്. ഇയാൾ 1995-97 കാലഘട്ടത്തിൽ എൽ.ടി.ടി.ഇ. സംഘടനയിൽ അംഗമായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

സെക്ഷൻ ഓഫീസർ